ഉത്തരം

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	*ചെലവാക്കിയ തുക*	*ചെയ്ത പ്രവൃത്തികൾ*
2001-02	78.12 കോടി രൂപ	IRQP പ്രകാരം 276 കി. മീ. റോഡിന്റെ വികസനം
2002-03	75 കോടി രൂപ	IRQP പ്രകാരം 305 കി. മീ. റോഡിന്റെ വികസനം

ഈ പണികൾക്കു പുറമേ ദേശീയപാതയിൽ 30 കി. മീ. റോഡിന്റെ വീതികൂട്ടൽ, ബലപ്പെടുത്തൽ, റീ അലൈൻമെന്റ് എന്നീ പണികളും നടത്തിയിട്ടുണ്ട്.

തമ്പുരാൻപടി-ആൽത്തറ-പൊന്നാനി റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് നടപടി

117 [1344] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ-തമ്പുരാൻപടി-ആൽത്തറ-പൊന്നാനി റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. താമസംവിനാ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

എൻ. എച്ച്. 38-ലെ ചില ഭാഗങ്ങളുടെ വീതി കൂട്ടുവാൻ നടപടി

118 [1345] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എച്ച്. 38-ൽ (പുതിയങ്ങാടി-കണ്ണൂർ-ചൊവ്വ), പുതിയങ്ങാടി-ഉള്ളിയേരി എന്നീ റോഡുകളുടെ ചില ഭാഗങ്ങൾ വീതി കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly